(ബി) ഈ ഇനത്തിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം 112.20 കോടി രൂപ (11220.9077 ലക്ഷം) കേന്ദ്രത്തിൽ നിന്നും ലഭിച്ചു. അതിൽ 68.43 കോടി രൂപ (6842.93 ലക്ഷം) ചെലവഴിച്ചു. കേന്ദ്ര സഹായ പദ്ധതികൾക്ക് ലഭിച്ച തുകയൊന്നും ലാപ്സായിട്ടില്ല. ലഭിക്കുന്ന കേന്ദ്ര സഹായം തൊട്ടടുത്ത വർഷങ്ങളിൽ ചെലവഴിച്ചു വരാറുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ വിഹിതം 15.16 കോടി (1516.200 ലക്ഷം) രൂപയാണ്.

(സി) ലഭിക്കാറുണ്ട്. കേന്ദ്ര സർക്കാർ ഏത് ആവശ്യത്തിലേയ്ക്കാണോ ഫണ്ട് അനുവദിക്കുന്നത് ആ ആവശ്യത്തിലേയ്ക്ക് കേന്ദ്ര സർക്കാർ നൽകുന്ന മാനദണ്ഡങ്ങൾ/നിർദ്ദേശങ്ങൾ അനിസരിച്ചാണ് ഫണ്ട് ചെലവഴിക്കുന്നത്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

ഇതു കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 9 മുതൽ 12 വരെ ക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുവാൻ പ്രാപ്തരാക്കുവാൻവേണ്ട പദ്ധതിയും നിലവിലുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

*12 [514] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, വി. ഡി. സതീശൻ:
,, എൻ. ശക്തൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അവ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്.

(സി) ബാധകമല്ല.

† അനുബന്ധം II ദയവായി കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[27-7-2004-ലെ ചോദ്യം നമ്പർ *12 (514)-ന്റെ ഉത്തരം ദയവായി കാണുക.]

ക്രമ നമ്പർ	പദ്ധതിയുടെ പേര്	സംരംഭത്തിന്റെ ഘടന
1.	ഭവന നിർമ്മാണ പദ്ധതി	കേന്ദ്രസംസ്ഥാന പദ്ധതി
2.	സമ്പാദ്യ സമാശ്വാസ പദ്ധതി	,,
3.	മത്സ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്	,,
4.	നാടൻ വള്ളങ്ങളുടെ നവീകരണം	,,
5.	ട്രാപ്പ് ഫിഷ് പദ്ധതി	കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും മത്സ്യഫെഡിന്റെയും ഗുണഭോക്താവും ബാങ്കും ചേർന്നുള്ള സംയുക്ത പദ്ധതി
6.	സ്വർണ്ണജയന്തി ഗ്രാമ സരോഗർ യോജന	,,
7.	മത്സ്യത്തൊഴിലാളി പെൻഷൻ	സംസ്ഥാന പദ്ധതി
8.	മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	,,
9.	മത്സ്യബന്ധന വലകൾ വാങ്ങുന്നതിനുള്ള ധനസഹായം	,,
10.	ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം	,,
11.	എൻ.സി.ഡി.സി. പദ്ധതി	NCDC വായ്പയും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റും
12.	മത്സ്യബന്ധന സമയത്തോ അല്ലാതെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
13.	വിവിധ ധനസഹായം	,,
14.	ആശ്രിതരുടെ മരണാനന്തര ചെലവ്	,,
15.	അപകടം മൂലമുള്ള താൽക്കാലിക അവശതയ്ക്കുള്ള ധനസഹായം	,,
16.	മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് നൽകുന്ന ധനസഹായം	,,
17.	S.S.L.C. അവാർഡ്	,,
18.	കുടുംബ സംവിധാന പദ്ധതി	,,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	സംരംഭത്തിന്റെ ഘടന
19.	മാരകരോഗ ചികിൽസാ ധനസഹായം	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
20.	ചെയർമാൻ റിലീഫ് ഫണ്ട്	,,
21.	പ്രസവ ശുശ്രൂഷയ്ക്കുള്ള ആനുകൂല്യം	,,
22.	ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി	,,
23.	മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ	,,
24.	ശ്രേഷ്ഠ മത്സ്യത്തൊഴിലാളി പുരസ്കാരം	,,
25.	അപകട ചികിത്സാ ധനസഹായം	,,
26.	സ്വയംതൊഴിൽ വായ്പകൾ	മത്സ്യഫെഡും, NMDFC-യും NBDFC-യും

അനുബന്ധം III

[27-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (3594)-ന്റെ ഉത്തരം ദയവായി കാണുക.]

DEPARTMENT OF TOURISM

Global Investors Meet

LIST OF INVESTORS

Sl. No.	*Name of Project*	*Undertaking Agency*	*Estimated Project (cost in crores)*
1.	Amusement Park at Veli	SFC Group, Abhu Dhabi	30.00
2.	Rope Way at Veli	SFC Group, Abhu Dhabi	20.00
3.	Thenmala Resort	SFC Group, Abhu Dhabi	10.00
4.	Family Entertainment Centre	SFC Group, Abhu Dhabi	45.00
5.	Catamaran service between Cochin and Mangalore during tourist season	M/s Surya Reisedienst, Germany	50.00
6.	Tourism Project at Bekal	M/s Leela Scottish Lace (P) Ltd.	100.00

2/953/2012—19a

LIBRARY ARCHIVES Kerala Legislative Assembly